"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - വനിത രത്ന പുരസ്കാര വിതരണം സമുചിതമായി നടത്തുന്നതിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും 7,50,000/- രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.385/2024/WCDD തീയതി,തിരുവനന്തപുരം, 02-10-2024

---

പരാമർശം:-
1. 13.11.2013 - ലെ സ.ഉ (സാധാ)നം.570/2013/സാ.നീ.വ
2. 22/05/2024-ല സ.ഉ (സാധാ)നം.174/2024/WCDD
3. വനിത ശിശു വികസന ഡയറക്ടറുടെ 07-08-2024 ലെ DWCD/2448/2024-WEC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വനിതകളെ ആദരിക്കുന്നതിനായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം വനിതാ രത്ന പുരസ്കാരം അനുവദിച്ചു വരുന്നു. സാമൂഹ്യസേവനം, കായികം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര-സാങ്കേതിക മേഖലകളിലും വ്യക്തി മുദ്ര പതിപ്പിച്ച വനിത എന്നീ അഞ്ചു മേഖലകൾക്ക് പുറമേ കലാരംഗം കൂടി പ്രസ്തുത പുരസ്കാരത്തിന് പരിഗണിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 6 മേഖലകളിലായി 14 ജില്ലകളിൽ നിന്നും ലഭിക്കുന്ന നോമിനേഷനുകളിൽ നിന്നും സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല അവാർഡ് സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് തെരഞ്ഞെടുക്കുന്ന അവാർഡ് ജേതാക്കൾക്ക് മാർച്ച് 8, അന്താരാഷ്ട്ര വനിതാ ദിന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു വരുന്നു.

2. 2024 വനിത രത്ന പുരസ്കാര വിതരണം സമുചിതമായി നടത്തുന്നതിലേയ്ക്ക് പുരസ്കാരത്തിനായി പരിഗണിക്കുന്ന 6 മേഖലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ജേതാക്കൾക്ക്

ഒരു ലക്ഷം രൂപ നിരക്കിൽ 6,00,000/-രൂപയും പ്രശസ്തി പത്രവും, ശില്പവും, അവാർഡ് ജേതാക്കളുടെ താമസം, ഭക്ഷണം, യാത്രാ സൗകര്യം എന്നിവയ്ക്കായി 1,50,000/- രൂപയും ചേർത്ത് ആകെ പ്രതീക്ഷിത ചെലവായ 7,50,000/-രൂപ നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03(P) വനിതാ ശാക്തീകരണ പരിപാടികളും വനിതാ ക്ഷേമ സ്ഥാപനങ്ങളും എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത രത്ന പുരസ്കാര വിതരണം സമുചിതമായി നടത്തുന്നതിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും 7,50,000/- രൂപ (ഏഴു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 03-10-2024 09:52:48